**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3177** **14-03-2018-ൽ മറുപടിക്ക്**

**കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടുള്ളതായ റിപ്പോർട്ടുകൾ**

**ചോദ്യം** **മറുപടി**

**ശ്രീ.പാറക്കൽ അബ്ദുല്ല** **പിണറായി വിജയൻ (മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | കൊച്ചി സ്മാർട്ട് സിറ്റി അടക്കം ദുബായിക്ക് പുറത്തുള്ള എല്ലാ പദ്ധതികളും ഉപേക്ഷിക്കാൻ സംരംഭകരായ ദുബായ് ഹോർഡിങ്സ് കമ്പനി തീരുമാനിച്ചിട്ടുള്ളത് സംബന്ധമായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിശോധിച്ചിട്ടുണ്ടോ; | എ) | ഇല്ല. സ്മാർട്ട് സിറ്റി - കൊച്ചി പ്രോജക്ടും, സ്മാർട്ട് സിറ്റി - മാൾട്ട പ്രോജക്ടും, ദുബായ് ഹോൾഡിങ്ങിന്റെ നേതൃത്വത്തിൽ തുടർന്ന് പ്രവർത്തിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. |
| (ബി) | സംരംഭകരുടെ ദുബായിലെ ഓഫീസ് പ്രവർത്തനം പൂർണമായും നിലച്ചതായ റിപ്പോർട്ടുകളുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; | ബി) | സ്മാർട്ട് സിറ്റി, ദുബായ് നിലവിൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കമ്പനി ലോകമെമ്പാടുമുള്ള സ്മാർട്ട് സിറ്റി കമ്പനികളുടെ ഹോൾഡിങ്ങ് കമ്പനി-യായി, ദുബായ് ഹോൾഡിങ്ങിന്റെ റിയൽ എസ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| സി) | പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | സി) | ആദ്യ ഘട്ടത്തിൽ 6.5 ലക്ഷം ച.അടി വിസ്താരമുള്ള ഐ.ടി മന്ദിരം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനോടൊപ്പം തന്നെ 30 ഏക്കറിൽ അടിസ്ഥാന സൗകര്യങ്ങളായ 7 കി.മീ നാലുവരി പാതകളും, സർവ്വീസ് ട്രൻച്ചുകളും, ഡ്രെയിൻസ്, ബന്ധിപ്പിക്കുന്ന പാലം, സബ്ബ് സ്റ്റേഷനുകൾ, വൈദ്യുതി വിതരണ സൗകര്യങ്ങൾ, ജല വിതരണ സൗകര്യങ്ങൾ, നെറ്റ് വർക്ക് കണക്ടിവിറ്റി തുടങ്ങിയവയും പൂർത്തീകരിച്ചിട്ടുണ്ട്. |
| ഡി) | സംസ്ഥാനത്തിന്റെ ഈ സ്വപ്നപദ്ധതി സമയബന്ധിതമായി തന്നെ ആരംഭിക്കുവാനാകുമോ; വിശദാംശങ്ങൾ നൽകുമോ? | ഡി) | ഫ്രെയിം വർക്ക് എഗ്രിമെന്റിലെ വ്യവസ്ഥകൾ അനുസരിച്ച് രണ്ടാം ഘട്ടത്തിൽ 55 ലക്ഷം ച.അടി വിസ്താരത്തിൽ ഐ.ടി മന്ദിരങ്ങളുടെ നിർമ്മാണം കോ-ഡവലപ്പേഴ്സ് മുഖേന പുരോഗതിയിലാണ്. ഈ മന്ദിരങ്ങൾ ഘട്ടംഘട്ടമായി 2019 നും 2021 നും ഇടയ്ക്ക് പ്രവർത്തന സജ്ജമാകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**